**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

എൻ.സി.സി. വകുപ്പ് - 2018-19 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നമ്പർ.893/2018/ഉവിവ. തീയതി, തിരുവനന്തപുരം, **05.05.2018**

---

പരാമർശം:- 1. 30.7.2014 ലെ സ.ഉ(പി) 311/2014/ധന നമ്പർ ഉത്തരവ്.
2. എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 18.4.2018 ലെ 2894/P3-Pub/2018/NCC നമ്പർ കത്ത്.
3. 25.4.2018, 26.4.2018 തീയതികളിൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്സ്.

**<u>ഉത്തരവ്</u>**

എൻ.സി.സി. വകുപ്പുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷം 4202-03-800-91-പ്ലാൻ ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം സമർപ്പിച്ച 425 ലക്ഷം രൂപയുടെ പ്ലാൻ പ്രൊപ്പോസൽ 25.04.2018 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്.

2. പ്രസ്തുത സാഹചര്യത്തിൽ എൻ.സി.സി. വകുപ്പുമായി ബന്ധപ്പെട്ട 425 ലക്ഷം രൂപയുടെ (നാലുകോടി ഇരുപത്തിയഞ്ചു ലക്ഷം രൂപ മാത്രം) ചുവടെ ചേർത്തിട്ടുള്ള പദ്ധതി 2018-19 സാമ്പത്തിക വർഷം 4202-03-800-91 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും വിനിയോഗിച്ച് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പ്രൊപ്പോസൽ | തുക ലക്ഷത്തിൽ |
|---|---|---|
| 1 | കോഴിക്കോട് 9 കേരളാ നേവൽ എൻ.സി.സി. യൂണിറ്റിനുവേണ്ടി നേവൽ പരിശീലന കേന്ദ്രം, ബോട്ട് ഹൗസ് എന്നിവയുടെ പുനർ നിർമ്മാണം | 425 |
| | ആകെ | 425 |

(നാലുകോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)

ടി പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിക്കുമ്പോൾ ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്:-

...2.

1. യഥാർത്ഥ ചെലവ് സംജാതമാകുമ്പോൾ മാത്രം ആവശ്യാനുസരണം തുക വിതരണം ചെയ്യേണ്ടതാണ്.

2. യഥാർത്ഥ ചെലവ് സംജാതമാകുന്നതിന് മുമ്പായി മുൻകൂർ/ അഡ് ഹോക്ക് തുക അനുവദിക്കുവാൻ പാടില്ല.

3. മൊത്ത ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ മാത്രം പരിമിതമായിരിക്കും.

4. കമ്പ്യൂട്ടർ വാങ്ങലുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് 1.6.2006 ലെ 25/06/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ കർശനമായും പാലിക്കണം.

5. ഇ-ടെൻഡർ സിസ്റ്റം കർശനമായും പിൻതുടരേണ്ടതാണ്.

6. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ കർശനമായും പാലിക്കണം.

7. നിർമ്മാണം പ്രവർത്തനം പൂർത്തീകരിക്കുന്നതിന് നിശ്ചിത സമയം നിജയപ്പെടുത്തേണ്ടതും പ്രസ്തുത സമയത്തിനുള്ളിൽ തന്നെ നിർമ്മാണം പൂർത്തിയാക്കുന്നുണ്ടെന്ന് അഡീഷണൽ ഡയറക്ടർ ജനറൽ നേരിട്ട് ഉറപ്പ് വരുത്തേണ്ടതുമാണ്.

8. അംഗീകൃത ഏജൻസിയാണ് നിർമ്മാണ പ്രവർത്തനം നിർവഹിക്കുന്നത് എന്നുണ്ടെങ്കിൽ മെമ്മോറാണ്ടം ഓഫ് അണ്ടർ ടേക്കിംഗ്/ കരാറിൽ പണി പൂർത്തീകരിക്കേണ്ട തീയതി, പിഴ സംബന്ധിച്ച വ്യവസ്ഥ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

9. പി.ഡബ്ല്യ.ഡി വർക്കിന് PRICE സോഫ്റ്റ് വെയർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം.ജി. രഞ്ജിത് കുമാർ**

ജോയിന്റ് സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
പ്ലാനിംഗ് ആന്റ് എക്കണോമിക്ക് അഫയേഴ്സ് വകുപ്പ്, തിരുവനന്തപുരം
മെംബർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
www.highereducation.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ